## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2260 18.12.2012 ൽ മറുപടിയ്ക്ക്**

## വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ

**ചോദ്യം**
ശ്രീ. പി.കെ.ബഷീർ:

**ഉത്തരം**
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ട്രാഫിക് നിയമലംഘനങ്ങൾ കൃത്യമായി കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിലുള്ള വീഴ്ച അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോ; ആവശ്യത്തിന് ഫീൽഡ് സ്റ്റാഫ് ഇപ്പോൾ മോട്ടോർ വാഹന വകുപ്പിലുണ്ടോ; | (ബി) | ഉണ്ട്. വാഹനപ്പെരുപ്പത്തിനനുസരിച്ച് മോട്ടോർ വാഹന വകുപ്പിൽ ഫീൽഡ് സ്റ്റാഫ് ഇല്ല. |
| (സി) | വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | അമിത വേഗതയും, റോഡിന്റെ ശോചനീയ അവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് |

| | | | |
|---|---|---|---|
| | | | ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിങ്ങുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം , വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു.<br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത |

| | | | |
|---|---|---|---|
| | | | വേഗത കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ വാഹനങ്ങളുടെ അപകട സാദ്ധ്യത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതു മരാമത്ത് വകുപ്പ് തുടങ്ങിയ മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി അപകട സാദ്ധ്യത കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ചേർത്തല-മണ്ണുത്തി റോഡ് അപകട രഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചേർത്തല-അരൂർ ഭാഗത്ത് സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. അപകടസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ട്രാഫിക് സൈൻ ബോർഡുകളും ഡിവൈഡറുകളും സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. തിരക്കേറിയ ജംഗ്ഷനുകൾ, റോഡുകൾ, സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പോലീസുദ്യോഗസ്ഥരെ ട്രാഫിക് നിയന്ത്രിക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ മണ്ണുത്തി മുതൽ കാസർഗോഡ് വരെയുള്ള ദേശീയ പാതകളും അപകടരഹിത പാതകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ